**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 646** **06-12-2022 - ൽ മറുപടിയ്ക്ക്**

**വർക്കല മണ്ഡലത്തിൽ വ്യവസായ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വർക്കല മണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ (2016-21) കാലയളവ് മുതൽ വ്യവസായ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കാമോ; | (എ) | സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയിലെ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികളാണ് വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി വർക്കല മണ്ഡലത്തിൽ നടപ്പിലാക്കി വരുന്നത്. ഇത്തരത്തിലുള്ള പദ്ധതികളായ സംരംഭക സഹായ പദ്ധതി (ESS), മാർജിൻ മണി ഗ്രാന്റ് ടു നാനോ യൂണിറ്റ് പദ്ധതി, വ്യവസായ ഭദ്രത പലിശ ഇളവ് പദ്ധതി തുടങ്ങിയ ധനസഹായ പദ്ധതികൾ വർക്കല നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ സംരംഭകവർഷം പദ്ധതിയുടെ ഭാഗമായുള്ള വിവിധ പ്രവർത്തനങ്ങളും മണ്ഡലത്തിൽ നടപ്പിലാക്കുന്നുണ്ട്.<br><br>വർക്കല നിയമസഭാ മണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ (2016-21) കാലയളവ് മുതൽ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽ നിലവിലുള്ള വായ്പാ പദ്ധതികളായ പി.എം.ഇ.ജി.പി, എസ്.ഇ.ജി.പി/ എന്റെ ഗ്രാമം എന്നീ രണ്ട് വായ്പാ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.<br><br>2016-ന് ശേഷം വർക്കല മണ്ഡലത്തിൽ KSIDC -യിൽ നിന്ന് സാമ്പത്തിക സഹായം ലഭ്യമാക്കി ഹിൽ കൺട്രി ഹോട്ടൽസ് ആന്റ് റിസോർട്ട്സ് ഇന്ത്യ ലിമിറ്റഡ് എന്ന സ്ഥാപനം ഒരു റിസോർട്ട് നടപ്പിലാക്കി വരുന്നുണ്ട്. ഇതിന്റെ നിർമ്മാണ പ്രവർത്തനം പുരോഗമിച്ചുവരുന്നു. പ്രസ്തുത കമ്പനിയ്ക്ക് KSIDC 550 ലക്ഷം രൂപ സാമ്പത്തിക സഹായമാണ് അനുവദിച്ചിട്ടുള്ളത്. ഇതിൽ 350 ലക്ഷം രൂപയുടെ സാമ്പത്തിക സഹായം നാളിതുവരെ ഉപയോഗിച്ചിട്ടുണ്ട്.<br><br>വർക്കല മണ്ഡലത്തിൽ അയിരൂർ വില്ലേജിൽ ഗ്ലോബൽ ആയുർവേദ വില്ലേജ് 30.47 ഏക്കർ |

| | | | |
|---|---|---|---|
| | | | ഭൂമിയിൽ സ്വകാര്യ പങ്കാളിത്തത്തോട്ടു കൂടി നടപ്പിലാക്കാൻ കിൻഫ്ര ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) | മണ്ഡലത്തിൽ എത്ര ചെറുകിട സംരംഭകർക്ക് വ്യവസായ വകുപ്പ് സഹായങ്ങളും അനുമതിയും നല്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ബി) | 2016-17 മുതൽ 2021-22 വരെയുള്ള കാലയളവിൽ വർക്കല നിയോജക മണ്ഡലത്തിൽ ആകെ 64 സംരംഭകർക്ക് സംരംഭക സഹായ പദ്ധതി, മാർജിൻ മണി ഗ്രാന്റ് ടു നാനോ യൂണിറ്റ് പദ്ധതി , വ്യവസായ ഭദ്രത പലിശ ഇളവ് പദ്ധതികൾ വഴി 1,52,08,193/- രൂപയുടെ ധനസഹായം നൽകുകയുണ്ടായി.<br><br>എം.എസ്.എം.ഇ സംരംഭകർക്ക് തങ്ങളുടെ സ്വയം സാക്ഷ്യ പ്പെടുത്തലിന്റെ അടിസ്ഥാനത്തിലുള്ള കെ-സിഫ്റ്റ് അക്നോളഡ്ജ്മെന്റ് സർട്ടിഫിക്കറ്റ് വഴി വർക്കല നിയോജക മണ്ഡലത്തിൽ 63 യൂണിറ്റുകൾക്ക് പ്രവർത്തന അനുമതി നൽകുകയുണ്ടായി.<br><br>വർക്കല നിയോജക മണ്ഡലത്തിൽ എസ്.ഇ.ജി.പി പദ്ധതി പ്രകാരം ആറ് ചെറുകിട സംരംഭങ്ങൾ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ നേതൃത്വത്തിൽ ആരംഭിക്കുകയും മാർജിൻമണി ഇനത്തിൽ 3,50,995/-രൂപ നൽകുകയും ചെയ്തു. കൂടാതെ പി.എം.ഇ.ജി.പി പദ്ധതി പ്രകാരം ആറ് ചെറുകിട സംരംഭങ്ങൾ ആരംഭിക്കുകയും 4,74,839/- രൂപ മാർജിൻമണി ഇനത്തിൽ നൽകുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ